"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 സംബന്ധിച്ച് എല്ലാ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിലെയും, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ജെൻഡർ പാർക്ക് മുഖേന പരിശീലനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.17/2025/WCDD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-

1. സ.ഉ(അച്ചടി) നം. 28/2014/സാനീവ തീയതി. 20.03.2014
2. സ.ഉ(സാധാ)നം. 489/2018/സാനീവ തീയതി. 13.08.2018·
3. സ.ഉ(സാധാ)നം. 554/2018/സാനീവ തീയതി. 25.09.2018.
4. 26.05.2016 ലെ സർക്കുലർ നം. 1556/ബി3/16/സാനീവ.
5. 27.02.2020 ലെ സർക്കുലർ നം. സാനീവ/ബി3/65/2020 സാനീവ.
6. വനിതശിശു വികസന ഡയറക്ടറുടെ 09.12.2024-ലെ DWCD/7049/2024-WEC4(1)നമ്പർ കത്ത്.

**ഉത്തരവ്**

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 നടപ്പാക്കുന്നതിനുള്ള ജില്ലാ ഓഫീസർമാരായി എല്ലാ ജില്ലാ കളക്ടർമാരെയും നിയോഗിച്ച് സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ സെക്ഷൻ (5) പ്രകാരം 10 ൽ താഴെ മാത്രം തൊഴിലാളികൾ ഉള്ളതിനാൽ ഇന്റേണൽ കമ്മിറ്റി രൂപീകരിക്കാത്തതോ അല്ലെങ്കിൽ പരാതി തൊഴിലുടമയ്ക്ക് എതിരായിട്ടുള്ളതോ ആയ സാഹചര്യങ്ങളിൽ ലൈംഗിക പീഡനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് ലോക്കൽ

കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭിക്കുന്ന മുറയ്ക്ക് ആയത് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിയ്ക്ക് അയച്ചുകൊടുക്കുന്നതിനായി ജില്ലാ ആഫീസർ ഒരു നോഡൽ ആഫീസറെ നിയമിക്കണമെന്ന് സെക്ഷൻ 6(2) ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പിലെ 258 ശിശു വികസന പദ്ധതി ആഫീസർമാരെയും നോഡൽ ആഫീസർമാരായി നിയമിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 09.12.2013 ൽ കേന്ദ്ര സർക്കാർ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) 2013 നിയമത്തിലെ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പത്തും അതിൽ കൂടുതലും ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയും ഇതിൽ വീഴ്ച വരുത്തുന്നത് 50000/- രൂപ വരെ പിഴ ലഭിക്കാവുന്ന കുറ്റമാണെന്നും മുൻപ് ഇതേ കുറ്റത്തിന് ശിക്ഷിച്ചിട്ടുള്ള തൊഴിലുടമയ്ക്ക് ഇരട്ടി ശിക്ഷ, ലഭിക്കുമെന്നും ആയതിനാൽ, എല്ലാ തൊഴിലുടമകളും ഇന്റേണൽ കമ്മിറ്റി രൂപീകരിക്കണമെന്ന് പരാമർശം (4) പ്രകാരം നിർദ്ദേശിച്ചിരുന്നു. പത്തും അതിൽ കൂടുതലും ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റി രൂപീകരിച്ച് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് പരാമർശം (5) പ്രകാരം നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പോഷ് ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ സ്ത്രീകൾക്കും അന്തസ്സോടെയും സുരക്ഷിതത്വബോധത്തോടെയും ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി എല്ലാ തൊഴിലിടങ്ങളിലും ഇന്റേണൽ കമ്മിറ്റിയും ജില്ലാതലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിച്ച് നിയമം നടപ്പിലാക്കാനുള്ള മേൽ നിർദ്ദേശങ്ങൾ അതുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകളും ശേഖരിക്കുന്നതിനായി പോഷ് ആക്ട് കംപ്ലയിൻസ് പോർട്ടൽ (posh.wcd.keral.gov.in) നിലവിൽ വന്നിട്ടുണ്ട്.

(2) സംസ്ഥാനത്ത് പോഷ് ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കാലാകാലങ്ങളായി വിവിധ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പൂർണമായ രീതിയിൽ ആയത് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് എല്ലാ തൊഴിലിടങ്ങളിലും പോഷ് ആക്ട് നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതാ ശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. ഈ നിയമം എല്ലാ തൊഴിലിടങ്ങളിലും ഫലപ്രദമായി നടപ്പിലാക്കുന്നതിനും നിയമത്തെക്കുറിച്ച് സമൂഹത്തിന്

അവബോധം സൃഷ്ടിക്കുന്നതിനും വകുപ്പ് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുമുണ്ട്. ഐ.ഇ.സി മെറ്റീരിയൽസ്, ഇന്റേണൽ, ലോക്കൽ കമ്മിറ്റികൾക്കായി പരിശീലന പരിപാടികൾ എന്നിവ ഫിസിക്കലായും ഓൺലൈനായും നൽകി വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മാത്രമേ ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂയെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ അപ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലെയും, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് കോഴിക്കോട് ജെൻഡർ പാർക്കിന്റെ സേവനം പ്രയോജനപ്പെടുത്തി ടി ആക്റ്റ് സംബന്ധിച്ച് പരിശീലനം നൽകാവുന്നതാണെന്നും ടി സാഹചര്യത്തിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 സംബന്ധിച്ച് എല്ലാ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിലെയും, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഓഫ് ലൈൻ/ഓൺലൈൻ പരിശീലനം നൽകുന്നതിന് കോഴിക്കോട് ജെൻഡർ പാർക്കിനെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്നും അപ്രകാരം പരിശീലനം സംഘടിപ്പിക്കുന്നതിന് ഫണ്ട് ആവശ്യമായിട്ടുള്ള പക്ഷം ആയത് അതാത് കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിൽ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുന്നതിനും നിർദേശം നൽകി ഉത്തരവാകണമെന്നും വനിതശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരിശീലനം സംഘടിപ്പിക്കുന്നതിന് ഫണ്ട് ആവശ്യമായിട്ടുള്ള പക്ഷം ആയത് അതാത് കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിൽ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തണമെന്ന വ്യവസ്ഥയിൽ, തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 സംബന്ധിച്ച് എല്ലാ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിലെയും, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഓഫ് ലൈൻ/ഓൺലൈൻ പരിശീലനം നൽകുന്നതിന് കോഴിക്കോട് ജെൻഡർ പാർക്കിനെ ചുമതലപ്പെടുത്തി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ജെൻഡർ പാർക്ക്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sithara Vijayan

സെക്ഷൻ ഓഫീസർ

Date: 13-01-2025 10:55:00